TB Movie Club Weekly Review #movieclub

JAWAN

എഴുതിയത് : Rakhee R Nair

തമിഴ് സംവിധായകൻ അറ്റ്ലിയുടെ ആദ്യ ഹിന്ദി സിനിമ.സൗത്ത് ഇന്ത്യൻ ലേഡീ സൂപ്പർസ്റ്റാർ നയൻതാരയുടെ ആദ്യ ഹിന്ദി സിനിമ. ഇങ്ങനെ ഒട്ടനവധി വിശേഷണങ്ങളോട് റിലീസ് ആയ ഒരു മൂവി.
അറ്റ്ലീ യുടെ പഴയ തമിഴ് സിനിമകൾ കണ്ടവർക്ക് ആ സിനിമകളുടെ ഒരു മാഷപ്പ് ആയി തന്നെ ജവാൻ തോന്നും.
പക്ഷേ നോർത്ത് ഇന്ത്യൻ പ്രേക്ഷകർക്ക് ഇത് ഒരു പുതിയ അനുഭവമായിരിക്കും. എല്ലാ കഥാപാത്രങ്ങളോടും ഒരു നീതിപുലർത്താൻ അറ്റ്ലിക്ക് ആയിട്ടുണ്ട് എന്നുള്ളതാണ് ജവാന്റെ വിജയം. ഷാറൂഖ് ഖാൻ, നായികയായ നയൻതാര വില്ലൻ കഥാപാത്രമായി വന്ന വിജയ് സേതുപതി ഷാറൂഖ് കൂടെയുള്ള യുവതികൾ ആയി വന്ന പ്രിയാമണി, സന്യ മൽഹോത്ര, ലേഹർ ഖാൻ തുടങ്ങി എല്ലാവരും മികച്ച പ്രകടനം തന്നെ കാഴ്ചവച്ചു.
എടുത്തു പറയേണ്ടത് ദീപിക പദുകോൺ സ്പെഷ്യൽ അപ്പിയറൻസ് ആണ്.
ഷാറൂഖ് ഖാൻ്റെ ഡബിൾ റോളും നല്ലതായിരുന്നു. ആ റോളുകൾക്ക് സർക്കാരിലെ വിജയുടെ ഡബിൾ റോളുമായി നല്ല സാമ്യവും ഉണ്ടായിരുന്നു.
പ്രത്യേകിച്ച് ലോജിക് ഒന്നുമില്ലെങ്കിലും ഒരു പൈസ വസൂൽ ചിത്രമാണ് ജവാൻ.
തമിഴ് ചിത്രങ്ങളായ മെർസൽ, സർക്കാർ കൈതി ഇങ്ങനെ പല സിനിമകളുടെ ഒരു കോമ്പിനേഷനാണ് ജവാൻ എന്ന സിനിമ.
രാഷ്ട്രീയമായും സാമൂഹികമായും സമകാലികമായും നടക്കുന്ന പല കാര്യങ്ങളിലും ഈ ചിത്രത്തിലൂടെ പറയുവാൻ സംവിധായകൻ ശ്രമിച്ചിട്ടുണ്ട്. അതെല്ലാം നമ്മുടെ മനസ്സിനെ ഒരുപാട് തട്ടുന്ന വിധത്തിൽ തന്നെയാണ് ചിത്രീകരിച്ചിരിക്കുന്നത്.
വിജയ് സേതുപതി വില്ലൻ കഥാപാത്ര വളരെ മനോഹരമായി കൈകാര്യം ചെയ്തിട്ടുണ്ട്. ആ ഒഴുക്കുള്ള ഹിന്ദി സംഭാഷണങ്ങളും അഭിനയത്തിന് ഒരു മുതൽക്കൂട്ടായിട്ടുണ്ട്.
പഴയകാല റൊമാൻറിക് ഹീറോയായ ഷാരൂഖിനെ ഈ സിനിമയിൽ നമ്മൾ മിസ്സ് ചെയ്യും. ചുരുക്കത്തിൽ
വലിയ ലോജിക്കൊന്നും പ്രതീക്ഷിക്കാതെ ഒരു മാസ്സ് എന്റർടൈനർ സിനിമ കാണുവാനാണ് താല്പര്യമെങ്കിൽ ഉറപ്പായും ഒരു പൈസ വസൂൽ ചിത്രമാണ് ഷാറൂഖാന്റെ അറ്റ്ലി കൂട്ടുകെട്ടിൽ ഉണ്ടായ ജവാൻ.

അനുബന്ധം:
ഈ സിനിമ 4dx ഇൽ ബുക്ക് ചെയ്യാൻ പോയിട്ട് അത് ചെയ്യാതിരുന്ന

ഭർത്താവിന് ഒരായിരം നന്ദി. ഇല്ലെങ്കിൽ വെടികൊണ്ട് ഞാനും എൻ്റെ കൊച്ചും ഒരു പരുവമായേനെ സിനിമ കഴിയുമ്പോൾ പുള്ളിയും.